"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- മണ്ണാർക്കാട് നഗരസഭ — ചെയർപേഴ്സൺ സമർപ്പിച്ച പരാതി - നഗരസഭ സെക്രട്ടറി ശ്രീ.സതീഷ് കുമാർ.എം -നെ അന്വേഷണ വിധേയമായി സേവനത്തിൽനിന്നും സസ്പെന്റ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.2096/2026/LSGD തീയതി,തിരുവനന്തപുരം, 05-11-2026

പരാമർശം:-
1. മണ്ണാർക്കാട് നഗരസഭ ചെയർപേഴ്സൺ ശ്രീമതി. സജ്ന.കെ സമർപ്പിച്ച 23.07.2026 തീയതിയിലെ പരാതി.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 24.09.2026 തീയതിയിലെ LSGD/PD/24785/2026-IV2 നമ്പർ കത്ത്.

ഉത്തരവ്

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് നഗരസഭാ സെക്രട്ടറിയായ ശ്രീ.സതീഷ്കുമാർ.എം സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധമായി സർക്കാർ അനുമതിയോ നഗരസഭ കൗൺസിലിന്റെ നിർദ്ദേശമോ കൂടാതെ നിരന്തരം പത്രസമ്മേളനങ്ങൾ നടത്തി വരുന്നുണ്ടെന്നും വ്യാജ ആരോപണങ്ങളുമായി പത്രസമ്മേളനം നടത്തി നഗരസഭ / പഞ്ചായത്ത് സംവിധാനത്തെയും ഇതുവരെ ഉണ്ടായിട്ടുള്ള മുഴുവൻ ഭരണസമിതി അംഗങ്ങളെയും ജീവനക്കാരെയും കുറിച്ച് പൊതുജനങ്ങൾക്കിടയിൽ വലിയ തോതിൽ അനാവശ്യമായി തെറ്റിദ്ധാരണ ഉണ്ടാക്കാൻ ഇടയായിട്ടുണ്ടെന്നും ജനപ്രതിനിധികൾക്കും ജീവനക്കാർക്കും ഉണ്ടായിട്ടുള്ള അപമാനത്തിനും അപകീർത്തിക്കും കാരണക്കാരനായ നിലവിലെ മണ്ണാർക്കാട് നഗരസഭാ സെക്രട്ടറി ശ്രീ.സതീഷ് കുമാർ.എം -നെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നും 23.07.2026 ന് വിളിച്ചുചേർത്ത അടിയന്തര കൗൺസിൽ യോഗത്തിലേക്ക് ടിയാൻ മനഃപൂർവ്വം ഹാജരാകാതിരിക്കുകയും പകരക്കാരനായി മറ്റൊരു ഉദ്യോഗസ്ഥനെ നിർദ്ദേശം നൽകാതിരിക്കുകയും ചെയ്തതായും ആരോപിച്ച് നഗരസഭ ചെയർപേഴ്സൺ പരാമർശം (1) പ്രകാരം പരാതി സമർപ്പിച്ചിരുന്നു. പ്രസ്തുത പരാതിയിൽ ഇന്റേണൽ വിജിലൻസ് മുഖേന അന്വേഷണം നടത്തി പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു.

2.മണ്ണാർക്കാട് നഗരസഭയിൽ കണ്ടെത്തുന്ന ക്രമക്കേടുകൾ മേലുദ്യോഗസ്ഥർക്ക് രേഖാമൂലം റിപ്പോർട്ട് ചെയ്യാതെ നഗരസഭയിലെ മുൻ ഭരണസമിതികളെയും ജീവനക്കാരെയും മൊത്തത്തിൽ അപകീർത്തിപ്പെടുത്തുന്ന രീതിയിൽ മാധ്യമങ്ങൾക്ക് മുന്നിൽ സംസാരിച്ചതിലും, മണ്ണാർക്കാട് നഗരസഭയുടെ 23/07/2026 തീയതിയിൽ ചേരുന്നതിന് നിശ്ചയിച്ചിരുന്ന അടിയന്തര കൗൺസിൽ യോഗം സംബന്ധിച്ച് അറിവുണ്ടായിട്ടും ടി അടിയന്തര കൗൺസിൽ യോഗം മാറ്റി വെയ്ക്കുന്നതിന് ചെയർപേഴ്സന്റെ പിഎ യോട് പറഞ്ഞതിലും, ടി അടിയന്തര കൗൺസിൽ യോഗത്തിൽ പങ്കെടുക്കാത്തതിലും, യോഗത്തിലേക്ക് പകരം ആളെ ചുമതലപ്പെടുത്താതിരുന്നതിലും മണ്ണാർക്കാട് നഗരസഭാ സെക്രട്ടറി ശ്രീ.സതീഷ്കുമാർ.എം-ന് വീഴ്ച സംഭവിച്ചിട്ടുള്ളതായി അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. കൃത്യനിർവഹണത്തിലെ മേൽ വിഴ്ചകൾക്ക് ടിയാനെതിരെ കർശന അച്ചടപടി സ്വീകരിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനമായ നഗരസഭയുടെ കൗൺസിൽ യോഗങ്ങൾ സുഗമമായി നടത്തുന്നതിന് ആവശ്യമായ ഔദ്യോഗിക ചുമതലകൾ നിർവഹിക്കേണ്ട ഉത്തരവാദിത്തം നഗരസഭാ സെക്രട്ടറിക്കുണ്ട്. എന്നാൽ നഗരസഭ സെക്രട്ടറി ശ്രീ.സതീഷ് കുമാർ. എം 23.07.2026-ൽ

ചേരേണ്ടിയിരുന്ന അടിയന്തര കൗൺസിൽ യോഗം മാറ്റിവയ്ക്കുന്നതിന് ചെയർപേഴ്സന്റെ പി.എ.യ്ക്ക് നിർദേശം നൽകിയതും പകരം ചുമതല ഏൽപ്പിക്കാതെ യോഗത്തിൽനിന്ന് വിട്ടുനിന്നതും പ്രസ്തുത ഉത്തരവാദിത്തം നിർവഹിക്കേണ്ട ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുതന്നെ കൗൺസിലിന്റെ പ്രവർത്തനം തടസ്സപ്പെടുത്തുന്ന നടപടികളാണ്. ആയത് അതീവ ഗൗരവകരമാണ്. ഇത്തരം നടപടികൾ നഗരസഭയുടെ ഭരണനിർവഹണത്തെയും ജനാധിപത്യപരമായ പ്രവർത്തനത്തെയും പ്രതികൂലമായി ബാധിക്കുന്നവയാണ്. ആയത് 1994-ലെ കേരള മുൻസിപ്പാലിറ്റി ആക്ടിന്റെ ലംഘനവുമാണ്. കൂടാതെ നഗരസഭ സെക്രട്ടറി 22.07.2026 തീയതിയിൽ ഔദ്യോഗിക ചേംബറിൽ അനുമതിയില്ലാതെ വാർത്താസമ്മേളനം നടത്തി നഗരസഭയിലെ മുൻ ഭരണസമിതികളേയും ജീവനക്കാരേയും മൊത്തത്തിൽ അപകീർത്തിപ്പെടുത്തുന്ന രീതിയിൽ മാധ്യമങ്ങൾക്ക് മുന്നിൽ സംസാരിച്ചിട്ടുള്ളതും കൗൺസിൽ യോഗത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട ഔദ്യോഗിക ചുമതലകൾ നിർവഹിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്തത് 1960-ലെ കേരള ഗവൺമെന്റ് സെർവന്റ്സ് കോൺഡക്ട് റൂൾസ്, ചട്ടം 3 അനുശാസിക്കുന്ന കർത്തവ്യനിഷ്ഠയ്ക്ക് വിരുദ്ധവും ഗുരുതരമായ ഔദ്യോഗിക പെരുമാറ്റദൂഷ്യവും കൃത്യവിലോപവും ആണെന്ന് കാണുന്നു.

4. ആയതിനാൽ മേൽ വസ്തുതകളുടെയും പ്രിൻസിപ്പൽ ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വകുപ്പുതല അച്ചടക്കനടപടി ആരംഭിക്കുന്നതിനും അന്വേഷണത്തിന്റെ നിഷ്പക്ഷത നിലനിർത്തുന്നതിനും നഗരസഭയുടെ സുഗമമായ ഭരണനിർവഹണം ഉറപ്പാക്കുന്നതിനുമായി മണ്ണാർക്കാട് നഗരസഭ സെക്രട്ടറി ശ്രീ. സതീഷ് കുമാർ. എം (PEN 784946)-നെ 1960-ലെ കേരള സിവിൽ സർവീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഉടൻ പ്രാബല്യത്തിൽ സേവനത്തിൽനിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. സസ്പെൻഷൻ കാലയളവിൽ ടിയാന് ചട്ടപ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്
ശ്രീ. സതീഷ് കുമാർ. എം , നഗരസഭ സെക്രട്ടറി (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം. (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു1/179/2026-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Digitally signed by
Sonu Jacob
Date: 05-11-2026
16:13:52

സെക്ഷൻ ഓഫീസർ